പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1388 02.05.2017-ലെ മറുപടിക്ക്

## റദ്ദാക്കിയ ഷെഡ്യൂളുകൾ

ചോദ്യം
ശ്രീ. സി.കെ. ഹരീന്ദ്രൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാറശ്ശാല, വെള്ളറട, നെയ്യാറ്റിൻ കര, കാട്ടാക്കട എന്നീ കെ. എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിലവിൽ എത്ര ഷെഡ്യൂളുകളാണ് പ്രവർത്തിക്കുന്നതെന്നും നിലവിലു ണ്ടായിരുന്നതിൽ ഏതൊക്കെ ഷെഡ്യൂളുകളാണ് റദ്ദ് ചെയ്തത് എന്നും റൂട്ട് തിരിച്ച് വ്യക്തമാക്കാ മോ ? | (എ) | മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പാറശ്ശാല, വെള്ളറട ഡിപ്പോക ളിൽ ആവശ്യത്തിന് ബസുകളും സ്പെയർ പാർട്സുകളും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്ന തിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | പാറശ്ശാല ഡിപ്പോയിൽ 10 നോൺ എ.സി ജൻറം ഉൾപ്പെടെ 78 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 86 ബസുക ളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 81 ബസുകളാണുള്ളത്. പുതിയ ബസുകൾ നിര ത്തിലിറക്കുന്ന മുറയ്ക്ക് മാറ്റപ്പെടുന്ന ബസുകൾ അനവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.<br>വെള്ളറട ഡിപ്പോയിൽ 4 നോൺ എ.സി ജൻറം ഉൾപ്പെടെ 45 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 50 ബസുകളാണ് ആവശ്യമായിട്ടുള്ളത്. 51 |

| | | | |
|---|---|---|---|
| | | | ബസുകൾ നിലവിലുണ്ട്.<br>27/04/17-ലെ കണക്കനുസരിച്ച് പാറശ്ശാല ഡിപ്പോയിൽ 6 ബസുകൾ എഞ്ചിനും രണ്ടു ബസുകൾ F.I പമ്പിനുമായും വെള്ളറട ഡിപ്പോയിൽ ഓരോ ബസുവീതം F.I പമ്പ്, ഗീയർ ബോക്സ്, ഫ്രണ്ട് ആക്സിൽ എന്നിവയ്ക്കായി ഡോക്കിലാണ്. സ്പെയർ പാർട്സുകൾ ലഭ്യമാക്കി ഈ ബസുകൾ എത്രയും പെട്ടെന്ന് നിരത്തിലിറക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ